കേരളാ സ്റ്റേറ്റ് മോട്ടോർ വെഹിക്കിൾ എജൻസ് ഫെഡറേഷൻ

1360 [2195] ശ്രീ. എം. വി. രാഘവൻ:

,, സി. വാസുദേവമേനോൻ:

,, എൻ. ചന്ദ്രശേഖരക്കുറുപ്പ്:

,, എം. കെ. കൃഷ്ണൻ:

,, ടി. കെ. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് മോട്ടോർ വെഹിക്കിൾ എജൻസ് ഫെഡറേഷൻ എന്നൊരു സംഘടന പ്രവർത്തിക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ സംസ്ഥാന നേതാക്കൻമാർ ആരെല്ലാം;

(സി) സംഘടന ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ഹരിജനങ്ങളെ കുടിയൊഴിപ്പിച്ചതായി പരാതി

1361 [2211] ശ്രീ. സി. എം. സുന്ദരം: താഴെക്കാണുന്ന ചോദ്യത്തിന് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിൽ പീരുമേട് വില്ലേജിൽ സർവ്വേ 169-2-ൽ പെട്ട ഉദ്ദേശം 60 ഏക്കർ ഭൂമിയിൽ 68 ഹരിജനകുടുംബങ്ങൾ 1957 മുതൽ കൃഷിചെയ്തതും 15 കുടുംബങ്ങൾ താമസിച്ചതുമായ നിലങ്ങളെ സാംഗ്ച്വറിയിൽപ്പെട്ടതാണെന്ന് പറഞ്ഞ് ഫോറസ്റ്റ് അധികൃതർ കുടിഒഴിപ്പിച്ചസംഗതി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ഫോറസ്റ്റധികൃതർ പ്രസ്തുത സ്ഥലത്തുനിന്നും ഏതെങ്കിലും ഹരിജനങ്ങളെ കുടിഒഴിപ്പിച്ചിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തര സമയം കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly